പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 5862 09/07/2012 ൽ മറുപടിയ്ക്ക്

## റവന്യൂ അദാലത്തുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:<br>ശ്രീ. ഷാഫി പറമ്പിൽ:<br>ശ്രീ. പി. എ. മാധവൻ:<br>ശ്രീ. ജോസഫ് വാഴക്കൻ: | | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് റവന്യൂ സർവ്വേ അദാലത്തുകൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | ഉണ്ട്. |
| (ബി) | ഇവയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്നും ഏതെല്ലാം തരത്തിലുള്ള പരാതികളാണ് ഈ അദാലത്തുകൾ വഴി കൈകാര്യം ചെയ്യുന്നതെന്നും വിശദമാക്കുമോ; | (ബി) | സംസ്ഥാനത്താകെ 2012 മേയ് മാസം വരെയുള്ള കണക്ക് അനുസരിച്ച് 133206 റീസർവ്വേ പരാതികൾ തീർപ്പാക്കാൻ ശേഷിക്കുന്നുണ്ട്. നിലവിൽ ബന്ധപ്പെട്ട താലൂക്കാഫീസ് മുഖേനയാണ് പരാതികൾ പരിഹരിച്ചു വരുന്നത്. ഓരോ ജില്ലയിലും തീർപ്പാക്കാൻ ശേഷിക്കുന്ന പരാതികൾ വില്ലേജടിസ്ഥാനത്തിൽ ക്രോഡീകരിച്ച് നിശ്ചിതതീയതിയിൽ റവന്യൂ, സർവ്വേ ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ പരിശോധന നടത്തി തീർപ്പു കൽപ്പിക്കാൻ കഴിയുന്നവയ്ക്ക് തീർപ്പ് നൽകിയും, ഫീൽഡ് പരിശോധനയും മറ്റും ആവശ്യമായി വരുന്നവയ്ക്ക് നിശ്ചിത തീയതി നൽകി പരിശോധിച്ച് പരിഹാരം നൽകുന്നതിനും കഴിയുന്നതാണ്. അതുവഴി കെട്ടിക്കിടക്കുന്ന പരാതികൾക്ക് പരിഹാരം കാണാനും പൊതുജനങ്ങളുടെ ബുദ്ധിമുട്ട് ഒഴിവാക്കാനും ഒരു പരിധിവരെ സഹായകമാകുന്നതാണ്. ഈ അദാലത്തുകളിൽ സർവെ സംബന്ധമായ പേരുമാറ്റം, വിസ്തീർണ്ണ വ്യത്യാസം, അതിർത്തി വ്യത്യാസം, സബ് ഡിവിഷൻ അളന്നു തിട്ടപ്പെടുത്തൽ തുടങ്ങിയ പരാതികൾ ഉൾപ്പെട്ടു വരുന്നതാണ്. |
| (സി) | പ്രസ്തുത അദാലത്തുകൾ എന്നു മുതൽ തുടങ്ങാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) | കൃത്യമായ തീയതി നിശ്ചയിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ